"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- വെള്ളരിക്കുണ്ട് താലൂക്ക് ARD 2480003- റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ അടവാക്കേണ്ട തുക ശീർഷകം മാറി മണ്ണെണ്ണയുടെ ഡിസി ശീർഷകത്തിൽ അടവാക്കിയത്- 2408-01-102-95-00-33-NP-V ശീർഷകത്തിൽ നിന്നും തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.145/2026/F&CS തീയതി,തിരുവനന്തപുരം, 22-06-2026

പരാമർശം:- പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 08.2.2026 തീയതിയിലെ CCS/3350/2025-E2 നമ്പർ കത്ത്.

**ഉത്തരവ്**

വെള്ളരിക്കുണ്ട് താലൂക്കിലെ ARD 2480003 റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ "2408-01-101-94-01-33 COST OF FOOD GRAINS" എന്ന ശീർഷകത്തിൽ അടവാക്കേണ്ടിയിരുന്ന 36,140/-രൂപ 30.8.2022 ൽ ശീർഷകം മാറി "4408-01-101-05-03 DIFFERENTIAL COST" എന്ന മണ്ണെണ്ണയുടെ ഡിസി ശീർഷകത്തിൽ അടവാക്കിയതായും മേൽ തുക റീഫണ്ട് ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ട് ARD അപേക്ഷ നൽകിയെങ്കിലും നിലവിൽ 4408 ശീർഷകം ഉപയോഗത്തിലില്ലാത്തതിനാലും 30.8.2022 ൽ അടച്ച തുക ആയതിനാലും ഓരോ സാമ്പത്തിക വർഷവും എ.ജി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാലും ടി തുക ശരിയായ ശീർഷകത്തിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല എന്നും ആയതിനാൽ റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ അടവാക്കേണ്ട 36,140/- രൂപ തുടർന്ന് വരുന്ന മാസങ്ങളിൽ അടവാക്കേണ്ട തുകയോടൊപ്പം ഈടാക്കി ചെല്ലാൻ സമർപ്പിക്കുവാനും നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ അടവാക്കേണ്ട 36,140/- രൂപ 2025 മാർച്ച്, മെയ് മാസങ്ങളിലെ കമ്മീഷനിൽ നിന്നും യഥാക്രമം 23140/-, 13000/- രൂപ കുറവ് ചെയ്ത് 2408-01-102-95-00-33 COST OF FOOD GRAINS എന്ന റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ തുക ഒടുക്കേണ്ട ശരിയായ ശീർഷകത്തിൽ അടവാക്കിയതായും അങ്ങനെ ARD 2480003, 36140/- രൂപ 2408-01-102-95-00-33 COST OF FOOD GRAINS ലും 4408-01-101-05-03 DIFFERENTIAL COST ശീഷകത്തിലുമായി രണ്ടു തവണ ഒടുക്കിയ സാഹചര്യത്തിൽ, നിലവിലെ 1456-00-800-84 DIFFERENTIAL COST ൽ നിന്നോ റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ തുക അടവാക്കുന്ന ശീർഷകത്തിന്റെ ചെലവ് ശീർഷകത്തിൽ (2408-01-102-95-00-33-NP-V) നിന്നോ പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന്

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **ARD 2480003** റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട **36,140/-** രൂപ **2408-01-102-95-00-33 COST OF FOOD GRAINS, 4408-01-101-05-03 DIFFERENTIAL COST** എന്നീ ശീർഷകങ്ങളിലായി രണ്ടുതവണ ഒടുക്കിയ സാഹചര്യത്തിൽ, തെറ്റായി **4408-01-101-05-03 DIFFERENTIAL COST** എന്ന ശീർഷകത്തിൽ ഒടുക്കിയ **36,140/-** രൂപ (മുപ്പത്തിയാറായിരത്തി ഒരുന്നൂറ്റി നാൽപ്പത് രൂപ മാത്രം) **2408-01-102-95-00-33-NP-V** ശീഷകത്തിൽ നിന്നും തിരികെ അനുവദിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LEKHA T**

ജോയിന്റ് സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by K R Remya
Date: 23-06-2026 12:52:18
സെക്ഷൻ ഓഫീസർ